പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 158 — 18.06.2012 ൽ മറുപടിക്ക്

## സ്ത്രീകൾക്കും കുട്ടികൾക്കും നേരെയുള്ള സൈബർ കുറ്റകൃത്യങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. റോഷി അഗസ്റ്റിൻ<br>,, പി.സി. ജോർജ്<br>ഡോ. എൻ. ജയരാജ് | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി |
| (എ) സ്ത്രീകൾക്കും കുട്ടികൾക്കും നേരെയുള്ള സൈബർ കുറ്റകൃത്യങ്ങളുടെ വ്യാപ്തി എത്രത്തോളമുണ്ടെന്ന് വ്യക്തമാക്കുമോ; | (എ) ഇന്റർനെറ്റ്, മൊബൈൽ ഫോൺ തുടങ്ങിയ ആശയവിനിമയ സൗകര്യങ്ങൾ വ്യാപകമായതോടെ സ്ത്രീകൾക്കും, കുട്ടികൾക്കും നേരെയുള്ള സൈബർ കുറ്റകൃത്യങ്ങൾ വർദ്ധിച്ചുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സോഷ്യൽനെറ്റ്‌വർക്ക് സൈറ്റുകളിലൂടെയും ഇ മെയിലുകളിലൂടെയും ഇത്തരത്തിലുള്ള കുറ്റകൃത്യങ്ങൾ വ്യാപകമായിട്ടുണ്ട്. |
| (ബി) ഇപ്രകാരമുള്ള കുറ്റകൃത്യങ്ങൾ തടയുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ്; | (ബി) ഇത്തരം സൈബർ കുറ്റകൃത്യങ്ങൾക്കെതിരെ സ്ത്രീകളേയും കുട്ടികളേയും ബോധവാന്മാരാക്കുന്നതിന് പത്ര ദൃശ്യമാധ്യമങ്ങളിലൂടെ മുന്നറിയിപ്പ് നൽകുകയും സ്കൂൾ, കോളേജ്, വിവിധ റസിഡന്റ്സ് അസ്സോസിയേഷനുകൾ, സന്നദ്ധസംഘടനകൾ എന്നിവയുടെ സഹകരണത്തോടെ ജനമൈത്രീ പോലീസും, സ്റ്റുഡന്റ് പോലീസ് കേഡറ്റുകളും ബോധവൽക്കരണ പരിപാടികൾ നടത്തിവരുകയും ചെയ്യുന്നു. ഇത്തരം കുറ്റകൃത്യങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ ഐ.റ്റി. ആക്ട് 2000 ലെ വകുപ്പുകൾ പ്രകാരം കേസുകൾ രജിസ്റ്റർ ചെയ്ത് കുറ്റക്കാർക്കെതിരെ നിയമനടപടികൾ സ്വീകരിച്ചുവരുന്നു. |
| (സി) സൈബർ മേഖലയിലെ കുറ്റകരമായ പ്രവണതകൾ ഗുരുതരമായ കുടുംബപ്രശ്നങ്ങൾക്കും ആത്മഹ | (സി) സൈബർ കുറ്റകൃത്യങ്ങൾ കണ്ടെത്തുന്നതിനും, നടപടി സ്വീകരിക്കുന്നതിനുമായി തിരുവനന്തപുരം ആസ്ഥാനമായി ഒരു |

തൃകൾക്കും വഴിതെളിച്ചിട്ടുള്ള സാഹചര്യത്തിൽ സൈബർ പോലീസിന്റെ സേവനം വിപുലപ്പെടുത്താൻ അടിയന്തിര നടപടി സ്വീകരിക്കുമോ?

സൈബർ ക്രൈം പോലീസ് സ്റ്റേഷൻ പ്രവർത്തിക്കുന്നുണ്ട്. കൂടാതെ 19 പോലീസ് ജില്ലകളിലും ഓരോ സൈബർസെൽ വീതം പ്രവർത്തിക്കുന്നുണ്ട്. പ്രസ്തുത സൈബർ സെല്ലുകൾക്ക് സാങ്കേതിക സഹായം നൽകുന്നതിനായി പോലീസ് ആസ്ഥാനത്ത് ഹൈടെക് ക്രൈം എൻക്വയറി സെൽ പ്രവർത്തിച്ചുവരുന്നു. ജില്ലകളിലെ സൈബർസെല്ലുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു.

സെക്ഷൻ ഓഫീസർ